# അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

## <u>സമയക്രമം</u>

**30-11-2017 നു മുമ്പ് -**

സ്കൂൾ എസ് ആർ ജി ചേർന്ന് ഓരോ വിഷയത്തിലും ഉൾപ്പെടുത്തേണ്ട പ്രവർത്തനങ്ങളുടെ ആലോചന.

**10-12-2017 നു മുമ്പ് -**

പിടിഎ,എസ്എംസി യോഗം ചേർന്ന് പദ്ധതി രൂപരേഖ ചർച്ചയും, അക്കാദമിക പ്രവർത്തനപദ്ധതികളെക്കുറിച്ചുള്ള പൊതുധാരണകൾ രൂപീകരിക്കലും

**15-12-2017 ന് -**

പൊതുധാരണകളുടെ അടിസ്ഥാനത്തിൽ കരട് പദ്ധതി രൂപരേഖ എഴുതിത്തയ്യാറാക്കൽ

**20-12-2017 ന് മുമ്പ് -**

കരട്ടു രൂപരേഖ പൊതുഅവതരണവും നിർദ്ദേശങ്ങൾ കൂട്ടിച്ചേർത്ത് അംഗീകരിക്കലും

**30-12-2017 ന് മുമ്പ് -**

കരടുരൂപരേഖ അന്തിമരൂപം നൽകി തയ്യാറാക്കൽ

**01-01-2018 മുതൽ 15-01-2018 വരെ -**

കരടു പദ്ധതിരൂപരേഖ മോണിറ്ററിംഗ് സമിതി വിലയിരുത്തലും, ആവശ്യമെങ്കിൽ നിർദ്ദേശങ്ങൾക്കനുസരിച്ച് കൂട്ടിച്ചേർക്കലുകളും മെച്ചപ്പെടുത്തലും

**25-01-2018 ന് -**

അന്തിമ അക്കാദമിക് മാസ്റ്റർ പ്ലാൻ ഡി ടി പി ചെയ്ത് തയ്യാറാക്കൽ

**31-01-2017 ന്-**

വിദ്യാലയവികസനസമിതിമുമ്പാകെ പൊതുജനസമക്ഷം പദ്ധതി സമർപ്പണവും അംഗീകാരം നേടലും

**2018 ഫെബ്രുവരി 1 ന് കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും അക്കാദമികമാസ്റ്റർ പ്ലാൻ തയ്യാറാക്കിയതിന്റെ പ്രഖ്യാപനം**

# മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ

*** ഓരോ വിഷയത്തിന്റെയും സാധ്യതയനുസരിച്ചുള്ള പദ്ധതിപ്രവർത്തനങ്ങൾ**

- ഓരോ ക്ലാസിലെയും അടിസ്ഥാനശേഷീവികസനം ലക്ഷ്യം വെച്ചുള്ളവ
- പ്രതിഭകളായ കുട്ടികളെ പരിഗണിച്ചുകൊണ്ടുള്ളവ
- പഠനപ്രയാസമനുഭവിക്കുന്ന കുട്ടികളെ പരിഗണിച്ചുകൊണ്ടുള്ളവ
- ഭിന്നശേഷിക്കാരെ പരിഗണിക്കുന്നതിനുവേണ്ടിയുള്ളവ
- സർഗ്ഗാത്മകപ്രവർത്തനങ്ങൾക്കും വിവിധ മാധ്യമങ്ങളിലൂടെ ആശയപ്രകടനത്തിനും, പ്രകാശനത്തിനും ഉതകുന്നവ...........
- മൂല്യനിർണ്ണയത്തിനും രേഖപ്പെടുത്തലിനുമുള്ള നൂതനസാധ്യതകൾക്കുള്ളവ
- ലൈബ്രറി വികസനത്തിനും (സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി..... വായനാപരിപോഷണത്തിനും (വായനാകുറിപ്പുകൾ...) വിവിധ ലാബുകളുടെ(ലാംഗ്വേജ് ലാബ്, ശാസ്ത്രലാബ്,ഗണിതലാബ്, ജൈവ വൈവിധ്യഉദ്യാനം,ടാലന്റ് ലാബ്....... ) വികസനത്തിനും ഉതകുന്നവ

*** പാഠ്യാനുബന്ധപ്രവർത്തനങ്ങൾ  അർത്ഥപൂർണ്ണമാക്കാനുതകുന്നവ**

- ക്ലബ്ബ് പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ
- കലാകായികപ്രവർത്തനങ്ങൾക്കുതകുന്നവ

(കുട്ടികളുടെ അഭിരുചിക്കനുസരിച്ച്എല്ലാവരെയും അവസരം നൽകാൻ കഴിയുന്ന വിധത്തിൽ)

*** പോഷകാഹാരവുമായും ആരോഗ്യവുമായും ബന്ധപ്പെട്ടവ**

(പ്രഭാതഭക്ഷണം, മികച്ച രീതിയിലുള്ള ഉച്ചഭക്ഷണം, മുട്ട,പാൽ വിതരണം......)

*** രക്ഷിതക്കളുമായും സമൂഹവുമായുമുള്ള ബന്ധം ദൃഢമാക്കുന്നതിനുതകുന്നവ**

- പിടിഎ യോഗങ്ങൾ
- ക്ലാസ് പിടിഎ യോഗങ്ങൾ
- അയൽപക്ക പഠനകേന്ദ്രങ്ങൾ
- അമ്മ വായന
- ഉച്ചഭക്ഷണപരിപാടികളിലെ പങ്കാളിത്തം
- രക്ഷിതാക്കൾക്കും കലോത്സവം........

**കൂടാതെ ഓരോ സ്കൂളിന്റെയും തനതു സാധ്യതകൾക്കനുസരിച്ചുള്ള പദ്ധതികളും ഉണ്ടാവണം**